നം.കെഎസ്എ.കെടിഎം.പി.13/1395/19 തീയതി 10.10.2019

# കോട്ടയം ജില്ലയിലെ **അകലക്കുന്നം** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 31.03.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 06.09.2019-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ സാബു.സി.ജോർജ്,ഡെപ്യൂട്ടി ഡയറക്ടർ. | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 29.08.2019 മുതൽ 06.09.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. പ്രസാദ് പി. ജി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ലേഖ വി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ഡാനിമോൾ കെ.ജെ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി അമ്പിളി എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീ.സണ്ണി എബ്രഹാം. | 01-04-2018 മുതൽ 19-05-2018 വരെ |
| | ശ്രീ.ജോസ് ആന്റണി (വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ചാർജ്.) | 20-05-2018 മുതൽ 21-06-2018 വരെ. |
| | ശ്രീ.ബേബി തോമസ് | 22-06-2018മുതൽ 31-03-2019 വരെ. |
| സെക്രട്ടറി | ശ്രീമതി സൂസി ജോസഫ് | 01-04-2018 മുതൽ 31-03-2019 വരെ. |

മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി രശ്മി പ്രഭാകർ | 01-04-2018മുതൽ31-03-2019വരെ. |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ.കുര്യാക്കോസ് മാത്യു ടി. | 01-04-2018മുതൽ31.3-2019 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.രവീന്ദ്രൻ കെ.പി. | 01.04.2018മുതൽ15-01-2019 വരെ |
| | ശ്രീമതി ജയ ജേക്കബ് | 16.01.2019മുതൽ31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി സറീനാ അബ്ദുൾ അസീസ് | 01.04.2018മുതൽ31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം. | ഡോ.ആന്റണി ജോസ്. | 01.04.2018 മുതൽ 31.3.2019വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.സിന്ധ്യ ട്രീസ മൈക്കിൾ | 01.04.2018മുതൽ 31.3.2019 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.വിമി ഇഖ്ബാൽ | 01-04-2018മുതൽ31-03-2019വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ജലജാകുമാരി പി.എസ്. | 01.04.2018 മുതൽ31.03.2019വരെ |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീമതി രാധാമണി കെ.എൻ. | 01.04.2018 മുതൽ 27.10.2018എഫ്.എൻ വരെ. |
| | ശ്രീ.ശ്രീരാഗ് ആർ.കെ. | 27.10.18 മുതൽ 10.03.2019 വരെ |
| | ശ്രീമതി രാജലക്ഷ്മി എസ്. | 11-03-2019 മുതൽ31.03.2019വരെ |
| വി.ഇ.ഒ | ശ്രീ.ദിലീപ് ശേഖർ (മറ്റക്കര സർക്കിൾ | 01.04.2018 മുതൽ18-11-2018വരെ |
| | ശ്രീ.രെങ്കു സുരേഷ് (കാഞ്ഞിരമറ്റം സർക്കിൾ) | 01.04.2018 മുതൽ 13.11.18വരെ |
| | ശ്രീ.മന മോഹൻ (രണ്ട് സർക്കിളുകളുടെയും ചാർജ്). | 19.11.2018 മുതൽ 31.3.2019 വരെ |
| ഡയറിഫാം ഇൻസ്ട്രക്ടർ. | ശ്രീമതി ജ്യൂലി ജോസ് | 1.4.2018 മുതൽ 31.3.2019 വരെ |

<u>ഉള്ളടക്കം</u>


| ഖണ്ഡിക നം. | |
|---|---|
| ഭാഗം 1 - ഓഡിറ്റ് റിപ്പോർട്ട് | |
| 1-1 | ബജറ്റ് |
| 1-2 | ഫണ്ട് വിനിയോഗം |
| 1-3 | പദ്ധതി അവലോകനം |
| 1-4 | ആഭ്യന്തരനിയന്ത്രണം |
| 1-5 | ക്യാഷ് വെരിഫിക്കേഷൻ |
| 1-6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-7 | വാർഷിക ധനകാര്യപത്രികകളുടെ പരിശോധനയും വിശകലനവും |
| 1-8 | രസീത് പരിശോധനയിൽ കാണപ്പെട്ട അപാകതകൾ |
| 1-9 | വസ്തു നികുതി - കളക്ഷൻ വിവരം സഞ്ചയയിൽ ചേർക്കാത്തത് സംബന്ധിച്ച് |
| | |

| | |
|---|---|
| 1-10 | മോഡൽ പോളിടെക്നിക് കോളേജ്, മറ്റക്കര - കെട്ടിടനിർമ്മാണം ക്രമവൽക്കരിച്ചിട്ടില്ല |
| 1-11 | കെ.ആർ.നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് & ആർട്സ്, തെക്കുംതല - വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല |
| 1-12 | തൊഴിൽ നികുതി ഈടാക്കാത്തത് |
| 1-13 | വ്യാപാര വ്യവസായ സംരംഭക പ്രവർത്തനങ്ങൾക്കുള്ള ലൈസൻസ് - സ്ഥാപനങ്ങൾ അനധികൃതമായി പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ് |
| 1-14 | രാജിയാക്കൽ ഫീസിനൊപ്പം പെർമിറ്റ് ഫീസ് കൂടി ഈടാക്കേണ്ടതാണ് |
| 1-15 | പദ്ധതി നടത്തിപ്പിലെ ഉദാസീനത - പദ്ധതിവിഹിതം ഇനത്തിൽ വൻതുക ലാപ്സായി |
| 1-16 | ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ നിർമ്മിച്ച കെട്ടിടം - ഉടമസ്ഥാവകാശം ഉറപ്പാക്കിയില്ല |
| 1-17 | സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല |
| 1-18 | ഖരദ്രവമാലിന്യസംസ്കരണം - ശുചിത്വമിഷൻ നിർദ്ദേശങ്ങൾ നടപ്പാക്കുന്നില്ല |
| 1-19 | മൈങ്കണ്ടം വനിതാ വ്യവസായകേന്ദ്രം നാളിതുവരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല |
| 1-20 | സ്വാപ്പ്ഷോപ്പ് നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല |
| 1-21 | അങ്കണവാടി - കേന്ദ്രസഹായം പൂർണ്ണമായും വിനിയോഗിക്കുന്നില്ല |
| 1-22 | കൂർക്കമറ്റം - പന്നഗം തോട്ടിൽ ക്രോസ്ബാർ കം ബ്രിഡ്ജ് നിർമ്മാണം - പൂർത്തിയായില്ല |
| 1-23 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് മതിയായ തുക വകയിരുത്തുന്നില്ല |
| 1-24 | വീട് വാസയോഗ്യമാക്കൽ പ്രവൃത്തികൾക്ക് സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള തുക വകയിരുത്തുന്നില്ല |
| 1-25 | ഇ-ടെണ്ടർ ഫീസുകൾ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭിച്ചിട്ടില്ല |
| 1-26 | ലൈഫ് ഭവനപദ്ധതി - അവലോകനം |
| 1-27 | കന്നുകുട്ടി പരിപാലനം - വിനിയോഗവിവരം ലഭ്യമല്ല |
| **ഭാഗം 2 - വരവ് - വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങൾ |
| **ഭാഗം 3 - ചെലവ് - വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ചെലവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങൾ |
| **ഭാഗം 4 - പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4-2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 4-3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 4-5 | വായ്പ/വായ്പ തിരിച്ചടവ് |
| 4-6 | സ്ഥിരനിക്ഷേപം |
| 4-7 | ഓഡിറ്റ് റിക്കവറി |
| 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 4-9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം1 | ഓഡിറ്റ് സാക്ഷ്യപത്രം |
| അനുബന്ധം2 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| അനുബന്ധം3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ പുതുക്കിയ ബജറ്റ് 01-02-2019 തീയതിയിലെ 10(1)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | പുതുക്കിയ ബജറ്റ് പ്രകാരമുള്ള വിവരം | യഥാർത്ഥം |
|---|---|---|---|
| മുന്നിരിപ്പ് | 9152676 | 11893941 | 12838422 |
| വരവ് | 72810000 | 90065000 | 53859111 |
| ആകെ | 81962676 | 101958941 | 66697533 |
| ചെലവ് | 80603000 | 90383666 | 50099968 |
| നീക്കിയിരിപ്പ് | 1359676 | 11575275 | 16597565 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർത്ഥ തുകകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നതിൽ നിന്ന് പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചല്ല ബജറ്റ് തയാറാക്കിയതെന്ന് വ്യക്തമാകുന്നു. കൂടാതെ ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പഞ്ചായത്തിന്റെ സാമ്പത്തിക അവസ്ഥകൾ സംബന്ധിച്ച കൃത്യമായ വിലയിരുത്തലുകൾ നടത്തുകയോ, പ്രായോഗിക സമീപനങ്ങൾ സ്വീകരിക്കുകയോ ഉണ്ടായില്ല. കൃത്യമായ നടപടിക്രമങ്ങളും, പഞ്ചായത്ത് രാജ് നിയമങ്ങളും ബജറ്റ് തയ്യാറാക്കി അംഗീകരിക്കുന്നതിൽ പാലിക്കേണ്ടതാണ്.

## 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് തുക | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 13505826 | 13505826 | 11988976 | 1516850 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2392000 | 2392000 | 1806059 | 585941 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 191000 | 191000 | 87000 | 104000 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 7147000 | 7147000 | 7147000 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2986000 | 2986000 | 2634698 | 351302 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8089193 | 8089193 | 4287901 | 3801292 |
| MGNREGS | | | | | |
| തൊഴിലാളികളുടെകൂലി | | 6325421 | 6325421 | 6275108 | |
| ഭരണചെലവ് | 1537.70 | 833116 | 834653.70 | 873719 | 11247.70 |
| ബി ഫണ്ട് | 0 | 31455280 | 31455280 | 31455280 | 0 |

| | | | | | |
|---|---|---|---|---|---|
| ഐസിഡിഎസ്-കേന്ദ്രവിഹിതം | 501755 | 419669 | 921424 | 563578 | 357846 |
| പൈക്ക | 219 | - | 219 | - | 219 |
| ഖരമാലിന്യപരിപാലനം (TSC) | 200000 | - | 200000 | 1935051 | 64949 |
| ശുചിത്വ മിഷൻ | 52515 | 150000 | 202515 | 202515 | 0 |
| കേരളോത്സവം | 1560 | 20000 | 21560 | 17860 | 3700 |
| ജില്ലാ പഞ്ചായത്ത് (ക്യാപ്പിറ്റൽ) | 992051 | 0 | 992051 | 1113 | 990938 |
| ജില്ലാ പഞ്ചായത്ത് (റവന്യൂ) | 37284 | 2498861 | 1148624 | | |
| ബ്ലോക്ക് പഞ്ചായത്ത് (റവന്യൂ) | 400000 | 1604306 | 2004306 | 1830443 | 173863 |
| ബ്ലോക്ക് പഞ്ചായത്ത് (ക്യാപ്പിറ്റൽ) | 490000 | 769000 | 1259000 | 200000 | 1059000 |
| TSC | 0 | 549167 | 549167 | 0 | 549167 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 0 | 12000 | 12000 | 0 | 12000 |
| തനത് ഫണ്ട് | - | 8484399 | 8484399 | 5833018 | തനത് ഫണ്ട് വരവ് / ചെലവ് തുകകൾ രസീപ്റ്റ് ആൻഡ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിലെ വിവിധ ഷെഡ്യൂളുകളുടെ അടിസ്ഥാനത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തനത് ഫണ്ട് അക്കൗണ്ടുകളിൽ തനത് ഫണ്ട് എന്ന് വിവക്ഷിക്കാൻ കഴിയാത്ത തുകകളും ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ തനത് ഫണ്ടിന്റെ മാത്രമായ നീക്കിയിരിപ്പ് അക്കൗണ്ടുകളുടെ അടിസ്ഥാനത്തിൽ നിർണ്ണയിക്കാൻ സാധിച്ചിട്ടില്ല. |
| ജനറൽ പർപ്പസ് ഫണ്ട് | | 8217048 | 8217048 | 1345861 | 6871187 |

<u>ക്ഷേമപദ്ധതികൾ</u>

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 25080 | 18 |
| കർഷകതൊഴിലാളി പെൻഷൻ | 3466300 | 264 |
| വിധവാ പെൻഷൻ | 6670000 | 559 |
| വാർദ്ധക്യകാലപെൻഷൻ | 17041800 | 1424 |
| വികലാംഗപെൻഷൻ | 3564500 | 276 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 687600 | 55 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 90000 | 3 |

## 1-3 പദ്ധതി അവലോകനം.

2018-19 വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകളുടെ പുന:സംഘടന നടക്കുകയും 23-1-2018 തീയതിയിൽ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ ചേരുകയും ചെയ്തു. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ഊരുകൂട്ടം 19-1-2018ലും ഗ്രാമസഭകൾ 11-2-18 മുതൽ 18-2-18 വരെയുള്ള ദിവസങ്ങളിലും ചേർന്ന് കരട് പദ്ധതി നിർദ്ദേശങ്ങൾ ചർച്ചചെയ്തു. 2-3-18ൽ വികസനസെമിനാർ നടന്നു. വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമസഭ 5-5-2018 മുതൽ 13-5-2018 വരെയും ചേർന്നിട്ടുണ്ട്. വിവിധ ഘട്ടങ്ങളിലായി നടന്ന ചർച്ചകൾക്കും പ്രവർത്തനങ്ങൾക്കും ശേഷം തയ്യാറാക്കിയ വാർഷിക പദ്ധതി 25-2-2019 ലെ 5-ാം നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചു. ജില്ലാ ആസൂത്രണസമിതി 1-3-2019ലെ 490/18/DPC/DPO/KTM ഉത്തരവ് പ്രകാരം പ്രോജക്ടുകൾക്ക് അംഗീകാരം നല്കി.

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമായിരുന്നില്ലയെന്നാണ് മിനിറ്റ്സ് ബുക്കുകളിൽ നിന്ന് വ്യക്തമാകുന്നത്. പല വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗുകളിലും ക്വോറം ഉണ്ടായിരുന്നില്ല. കൂടാതെ യോഗത്തിലെ ചർച്ചയുടെയും തീരുമാനത്തിന്റെയും വിവരമുൾപ്പെടുന്ന മിനിറ്റ്സ് പൂർത്തിയാക്കിയിരുന്നുമില്ല. വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ട് നിർവഹണവേളയിൽ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കണമെന്ന് നിർദേശമുണ്ടായിരുന്നുവെങ്കിലും പ്രോജക്ടുകൾ മോണിട്ടർ ചെയ്തതായി കാണുന്നില്ല.

ഗ്രാമസഭയും ക്വോറമില്ലാതെ ചേർന്നിട്ടുള്ളതായി കാണപ്പെട്ടു. പഞ്ചായത്ത് രാജ് നിയമപ്രകാരം ഗ്രാമസഭയ്ക്ക് മതിയായ പ്രാധാന്യം നല്കുകയോ നിയമം മൂലം വ്യവസ്ഥാപിതമാക്കിയ നടപടിക്രമങ്ങൾ ഗ്രാമസഭയുടെ നടത്തിപ്പിലും മിനിറ്റ്സ് സൂക്ഷിക്കുന്നതിലും പാലിക്കപ്പെടുകയോ ചെയ്തിരുന്നില്ലയെന്ന് രേഖകൾ വ്യക്തമാക്കുന്നു.

പ്രോജക്ടുകളുടെ രൂപീകരണത്തിലും നിർവഹണത്തിലും മതിയായ ഇടപെടലുകൾ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ഭാഗത്തുനിന്നും ഉണ്ടായതായി മിനിറ്റ്സ് ബുക്കുകളിൽ രേഖപ്പെടുത്തലുകൾ ഇല്ല.

അംഗീകാരം ലഭിച്ചതും നടപ്പാക്കിയതുമായ വാർഷിക പദ്ധതി പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 189 | 69274922 | 127 | 36582863 | 0 | 62 | 55 |

ആകെയുള്ള 189ൽ 127പ്രോജക്ടുകളാണ് തൻവർഷം ഏറ്റെടുത്തത്. ഇവയിൽ 104 എണ്ണം പൂർത്തിയാക്കി. എന്നാൽ അസിസ്റ്റന്റ് എൻജിനീയർ നടപ്പിലാക്കിയ 13, സെക്രട്ടറി നടപ്പിലാക്കിയ 2, വി.ഇ.ഒ 8, അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ 3, ഹെഡ്മാസ്റ്റർ, പി.എച്ച്.സി.യിലെ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ 1 വീതം ഉൾപ്പെടെ ആകെ 28 ബില്ലുകൾ ട്രഷറിയിൽ നിന്ന് സാമ്പത്തികവർഷം മാറാനാവാതെ 'ക്യൂ' വിലായിരുന്നു. ടി ബില്ലുകൾ പ്രകാരമുള്ള ആകെ തുക 4621911 രൂപയാണ്. നിലവിൽ ഈ തുകകൾ 2019-20 വർഷം അനുവദിച്ച തുകയിൽനിന്ന് മാറിയതിനാൽ ഫലത്തിൽ തൻവർഷം ഇത്രയും തുകയുടെ കുറവ് ഉണ്ടാകുന്നു. പ്രോജക്ടുകളുടെ പൂർത്തീകരണത്തിൽ കാലതാമസം ഒഴിവാക്കി, അതതുവർഷം തന്നെ പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

കൃഷി ഓഫീസർ നിർവഹണഉദ്യോഗസ്ഥനായി 7 പ്രോജക്ടുകളാണ് തയാറാക്കിയത്. 7 പ്രോജക്ടുകളും നടപ്പാക്കിയെങ്കിലും ആകെ അടങ്കൽ തുകയുടെ 54% മാത്രമാണ് ചെലവ്. കിണർ റീചാർജ് മാത്രമാണ് നടപ്പാക്കിയവയിൽ താരതമ്യേന പുതുമയുള്ള പ്രോജക്ട്. വെറ്ററിനറി സർജൻ നടപ്പാക്കിയ 8 പ്രോജക്ടുകളിൽ പോത്തുകുട്ടി വിതരണം കൂടുതൽ വിജയകരമായതായി നിർവഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. എന്നാൽ വകയിരുത്തിയ ആകെ തുകയായ 30,96,000/- രൂപയിൽ 20,97,798/- രൂപയാണ് (68%) പ്രോജക്ടുകളുടെ ചെലവ്. പാലിയേറ്റീവ് കെയറാണ് പി.എച്ച്.സി മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പ്രധാന പ്രോജക്ട്. ആയുർവേദ, ഹോമിയോ ആശുപത്രികൾക്ക് മരുന്ന് വാങ്ങലാണ് ഈ വിഭാഗങ്ങളിലെ മെഡിക്കൽ ഓഫീസർമാർ നടപ്പാക്കിയ പ്രോജക്ടുകൾ. വകയിരുത്തിയ മുഴുവൻ തുകയ്ക്കും മരുന്ന് വാങ്ങുകയുണ്ടായി. ലൈഫ് മിഷൻ ഭവനനിർമ്മാണമാണ് വി.ഇ.ഒ. നിർവഹണം നടത്തിയ പ്രധാന പ്രോജക്ട്. കൂടാതെ പട്ടികജാതി വിഭാഗത്തിൽപെട്ടവർക്ക് വീട് വാസയോഗ്യമാക്കൽ, പഠനമുറി നിർമാണം തുടങ്ങിയ പ്രോജക്ടുകളും വി.ഇ.ഒ നടപ്പിലാക്കി. എന്നാൽ പ്രോജക്ടുകളുടെ ആകെ അടങ്കൽ തുകയുടെ 53% മാത്രമാണ് ചെലവഴിക്കപ്പെട്ടത്. അങ്കണവാടികൾക്ക് പോഷകാഹാരവിതരണം, ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് തുടങ്ങിയ പ്രോജക്ടുകൾ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പിലാക്കി.

സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകളിൽ പ്രധാനം ഐ.എസ്.ഒ. സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ടതാണ്. ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് ലഭിച്ചത് പദ്ധതി പ്രവർത്തനത്തിന്റെ നേട്ടമാണ്. കാഷ് ചെസ്റ്റ് വാങ്ങൽ, തെരുവ് വിളക്കുകൾക്കായി എൽ.ഇ.ഡി ലൈറ്റ്, സി.എഫ്.എൽ. എന്നിവയും നടപ്പിലാക്കിയത് വഴി സേവനപ്രദാന സംവിധാനത്തിന്റെ ഗുണമേന്മ വർധിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് ലൈബ്രറിക്ക് പുസ്തകങ്ങൾ, അലമാരകൾ, ടി.വി, കമ്പ്യൂട്ടർ, പ്രിന്റർ തുടങ്ങിയവയും ലഭ്യമാക്കി. എന്നാൽ കമ്പ്യൂട്ടർ നിലവിൽ പഞ്ചായത്ത് ഓഫീസിൽ പ്രയോജനപ്പെടുത്തുന്നതിലൂടെ പ്രോജക്ട് ഭാഗികമായി മാത്രമാണ് ലക്ഷ്യപ്രാപ്തി നേടിയത്. വിവധ സ്കൂളുകളിലെ പെൺകുട്ടികൾക്ക് സാനിട്ടറി നാപ്കിൻ വിതരണം, എൽ.പി. സ്കൂൾ കുട്ടികൾക്ക് പ്രഭാതഭക്ഷണം എന്നിവയാണ് ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ പ്രധാന പ്രോജക്ടുകൾ. നാപ്കിനുകളുടെ വിതരണത്തിലെ കാര്യക്ഷമത വിലയിരുത്തേണ്ടതാണ്.

അസിസ്റ്റന്റ് എൻജിനീയർ നിർവഹണോദ്യോഗസ്ഥനായ 103 പ്രോജക്ടുകളിൽ 66 എണ്ണം മാത്രമാണ് നടപ്പാക്കിയത്. നടപ്പിലാക്കിയവയിൽ 33 എണ്ണം റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളും 11 എണ്ണം ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുമായിരുന്നു. മാലിന്യസംഭരണ കേന്ദ്രത്തിനായി 2 പ്രോജക്ടുകളും, അങ്കണവാടികളുടെ മെയിന്റനൻസ്, കുടിവെള്ള പ്രോജക്ടുകൾ എന്നിവയും നടപ്പിലാക്കി. നടപ്പിലാക്കിയവയിൽ 25 പ്രോജക്ടുകളുടെ ചെലവ് 1ലക്ഷം രൂപയിൽ കുറവാണ്. പ്രോജക്റ്റുകളുടെ നിർവഹണവുമായി ബന്ധപ്പെട്ട് റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല. കർഷക ഓപ്പൺമാർക്കറ്റ് പ്രവർത്തനക്ഷമമായില്ല. മാലിന്യസംഭരണകേന്ദ്രത്തിന്റെ പ്രവർത്തനം ഇനിയും കാര്യക്ഷമമായിട്ടില്ല. 35ലക്ഷത്തിലധികം തുകയുടെ 13 ബില്ലുകൾ യഥാസമയം ട്രഷറിയിൽ നല്കാത്തതിനാൽ 'ക്യൂ'വിലായി. 3,38,18,630/- രൂപ അടങ്കൽതുകയുടെ പ്രോജക്ടുകളിൽ 1,31,53,203/- രൂപയുടെ പ്രോജക്ടുകൾ മാത്രമാണ് (39%) സാമ്പത്തികവർഷാവസാനം വരെ നടപ്പിലാക്കാൻ സാധിച്ചത്. അവസ്ഥാവിശകലനം നടത്തി

അത്യാവശ്യമായ പ്രോജക്ടുകളാണ് ഏറ്റെടുക്കുന്നതെന്നും ഏറ്റെടുക്കുന്ന എല്ലാ പ്രോജക്ടുകളും പൂർണ്ണമായും നടപ്പാക്കുന്നുവെന്നും നിർവഹണോദ്യോഗസ്ഥനും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളും പഞ്ചായത്ത് ഭരണസമിതിയും ഉറപ്പാക്കേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിലുള്ള വിഭജനത്തിൽ ഉപരി പഞ്ചായത്തിനെ ഒറ്റ യൂണിറ്റായി കണ്ട് സമഗ്രവികസനം ലക്ഷ്യമാക്കി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഉല്പാദനമേഖലയിൽ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി എന്ന പ്രോജക്ടിന് വകയിരുത്തിയ 8ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാ പരിധിയിലുള്ള പട്ടികജാതി വിഭാഗങ്ങൾക്ക് വേണ്ടിയുള്ള പ്രോജക്ടുകളാണ് നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയത്. എസ്.സി വിദ്യാർഥികൾക്ക് ലാപ്ടോപ്പ് വിതരണം, മെറിട്ടോറിയസ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്നിവയാണ് നടപ്പാക്കിയ പ്രധാന പ്രോജക്ടുകൾ.

അംഗീകാരം ലഭിച്ച ആകെ പ്രോജക്ടുകളിൽ 67 ശതമാനം മാത്രമാണ് നടപ്പിലാക്കാനായത്. പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയതുമൂലം വികസന പ്രവർത്തനങ്ങൾക്കായി സർക്കാരിൽനിന്ന് ലഭ്യമായ ഗ്രാന്റിനത്തിൽ വലിയ തുക ലാപ്സാവുകയും ചെയ്തു. കൂടാതെ 'ക്യൂ'വിലുൾപ്പെട്ട സർക്കാർ ഗ്രാന്റിനത്തിലെ തുകകൾ 2019-20 വർഷം മാറിയതിലൂടെ തൻവർഷം നടപ്പാക്കേണ്ടിയിരുന്ന 46ലക്ഷത്തിലധികം രൂപയുടെ പ്രോജക്ടുകൾക്ക് തുക ലഭിക്കാതെ വരികയും ചെയ്തിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകളുടെ നിർവഹണ, പൂർത്തീകരണഘട്ടങ്ങളിൽ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കണമെന്നാണ് സർക്കാർ നിഷ്കർഷയെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

എന്നിരിക്കിലും നടപ്പിലാക്കിയ പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തികവളർച്ച , സാമൂഹ്യനീതിവ്യവസ്ഥ തുടങ്ങിയവയ്ക്ക് ഒരുപരിധിവരെ ഉത്തേജനമായിട്ടുണ്ട്. പരിസ്ഥിതിസുരക്ഷയെ സഹായിക്കുന്നതിന് മാലിന്യ നിർമാർജന പ്രോജക്ടുകൾ ഏറ്റെടുത്തിരുന്നെങ്കിലും പാരിസ്ഥിതിക വെല്ലുവിളികളെ ഫലപ്രദമായി പ്രതിരോധിക്കുന്നതിന് ഉതകുംവിധം നടപ്പാക്കിയിട്ടില്ല. ദീർഘ വീക്ഷണത്തോടെ, പഞ്ചായത്തിന്റെ സമഗ്രപുരോഗതിയെ ലക്ഷ്യമാക്കി പ്രായോഗികസമീപനത്തോടെ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും സമയബന്ധിതമായി നടപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-4 ആഭ്യന്തരനിയന്ത്രണം.

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണം ഇനിയും മെച്ചപ്പെടേണ്ടതുണ്ടെന്നാണ് പരിശോധനയിൽ ബോദ്ധ്യപ്പെട്ടത്. ഭരണസമിതി ഉദ്യോഗസ്ഥ തലങ്ങളിൽ മതിയായ ഏകോപനം ഉണ്ടായിട്ടില്ല. ഓഫീസ് ഉത്തരവുകളിലൂടെ ജീവനക്കാർക്ക് കൃത്യമായി ജോലികൾ വിഭജിച്ച് നല്കിയിട്ടുണ്ട്. ജനറൽ കമ്മിറ്റി, സ്റ്റാന്റിംഗ് കമ്മിറ്റി, പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട യോഗങ്ങൾ എന്നിവയെല്ലാം ചേരുന്നതിന്റെ മിനിറ്റ്സ് സൂക്ഷിച്ചിട്ടുണ്ടെങ്കിലും ജനറൽ കമ്മിറ്റിയൊഴികെയുള്ളവയുടെ മിനിറ്റ്സുകൾ ശരിയായി തയ്യാറാക്കിയിട്ടില്ല. വസ്തുനികുതി പിരിവ് കാര്യക്ഷമമായിരുന്നുവെങ്കിലും ഭരണസമിതിയുടെയും , ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ ഉണ്ടായതായി മിനിറ്റ്സ് ബുക്കുകളിലെ രേഖപ്പെടുത്തലുകളിൽ കാണുന്നില്ല. വാർഷിക പദ്ധതിയുൾപ്പെടെ തൻവർഷ ചെലവുകളുടെ വൗച്ചറുകളുടെയും അനുബന്ധരേഖകളുടെയും സൂക്ഷിപ്പിൽ അപാകതകളുണ്ട്. കമ്പ്യൂട്ടർ, തെരുവ് വിളക്കുകൾ, ലൈബ്രറിക്ക് പുസ്തകങ്ങൾ, അലമാരകൾ തുടങ്ങിയ ഇനങ്ങൾ വാങ്ങിയത് സ്റ്റോക്കിലെടുക്കുന്നതിലും വിതരണം ചെയ്യുന്നതിലും നടപടിക്രമങ്ങൾ കൃത്യമായി പാലിച്ചിട്ടില്ല.

തൊഴിൽനികുതി ഇനത്തിൽ ഏതാനും സ്ഥാപനങ്ങളുടെയും, ജീവനക്കാരുടെയും നികുതി ഈടാക്കാൻ സാധിച്ചിട്ടില്ല. വാർഡ് തലത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയാറാക്കി പഞ്ചായത്ത് പ്രദേശത്തെ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും സാധിച്ചിട്ടില്ല. ആസ്തികൾ കൃത്യമായി തരംതിരിച്ച് ആസ്തിരജിസ്റ്ററിൽ ചേർത്ത് പൂർത്തിയാക്കിയിട്ടില്ല. മരാമത്ത് പ്രവൃത്തികളുടെ

പ്രവർത്തനകലണ്ടർ ഫയലിൽ ഉൾപ്പെടുത്തുന്നില്ല. കരാർ വയ്ക്കുന്നതിലും, പ്രവൃത്തി പൂർത്തീകരിക്കുന്നതിലും സമയക്രമം പാലിക്കുന്നുവെന്ന് ഉറപ്പാക്കുന്നില്ല. വാർഷികപദ്ധതിയിൽ പല നിർവഹണ ഉദ്യോഗസ്ഥരും പ്രോജക്ടുകൾ പൂർണ്ണമായും നടപ്പിലാക്കാത്തതും, പൂർത്തിയാക്കിയ പല പ്രോജക്ടുകളുടെയും ബില്ലുകൾ യഥാസമയം ട്രഷറിയിൽ സമർപ്പിക്കാൻ സാധിക്കാതെ 'ക്യൂ'വിലായതും മൂലം വാർഷികപദ്ധതി ചെലവ് ശതമാനം കുറയുന്നതിനും അനുവദിച്ച ഫണ്ടിൽ വലിയ തുക ലാപ്സാകുന്നതിനും കാരണമായി. പ്രോജക്ടുകളുടെ നിർവഹണ പൂർത്തീകരണ ഘട്ടങ്ങളിൽ മോണിട്ടറിംഗ് നടന്നിട്ടില്ല. ഇപ്രകാരമുള്ള പ്രശ്നങ്ങൾ ആഭ്യന്തരനിയന്ത്രണത്തിലെ പാളിച്ചകളെയാണ് വെളിപ്പെടുത്തുന്നത്. ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭയുടെ പരിഗണനയ്ക്ക് വയ്ക്കണമെന്ന നിയമപ്രകാരമുള്ള അനുശാസനം പാലിക്കപ്പെടുന്നില്ല. അപാകതകൾ പരിഹരിച്ച് കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണം കൈവരിക്കേണ്ടതാണ്.

# 1-5 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31-8-2019 ൽ 3 പി.എം.-ന് സെക്രട്ടറി ശ്രീമതി സൂസി ജോസഫിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 88,825/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28-04-2019 | 3/2019 | നമ്പർ ലഭ്യമല്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20-11-2017 മുതൽ 30-11-2017 വരെ | 2012/13 മുതൽ 2016/17 വരെ | എൽ.ബി.(എച്ച്.ക്യൂ)II/8എ.)2715/ 292/27-12-2017 |

# 1-7 വാർഷികധനകാര്യപത്രികകളുടെ പരിശോധനയും വിശകലനവും.

2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യ പത്രിക പഞ്ചായത്തിൽ ലഭ്യമായ അടിസ്ഥാന രേഖകളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധനയും വിശകലനവും നടത്തിയതിൽ വിവിധ ഇടപാടുകളുടെ അക്കൗണ്ടിങ്ങ് സംബന്ധിച്ച് നിലനിൽക്കുന്ന ന്യൂനതകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. 26/07/2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം ആസ്തികളുടെ വർഗ്ഗീകരണവും അക്കൗണ്ടിങ്ങും പൂർത്തിയായിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കിയിട്ടില്ല.
2. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം(Land) കണക്കാക്കി അക്കൗണ്ട് ചെയ്തിട്ടില്ല.
3. വസ്തുനികുതി വിവിധ ശീർഷകങ്ങളിലുള്ള കളക്ഷൻ, നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കുകൾ പ്രകാരമുള്ളത് സഞ്ചയ ഡി.സി.ബി. പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
4. സ്ഥിരനിക്ഷേപമായി 31.03.2019-ൽ അവശേഷിക്കുന്ന തുക (ശീർഷകം-420800101) നിക്ഷേപങ്ങളുടെ പ്രസ്തുത തീയതിയിലെ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ളള്ള തുകയും തമ്മിൽ 2,304/- രൂപയുടെ വ്യത്യാസം

നിലനിൽക്കുന്നു.

5. ലൈബ്രറി സെസ്സ് ഇനത്തിൽ 31.03.2019-ൽ ലഭിക്കാനുള്ള തുക (ശീർഷകം-431910101) വസ്തുനികുതിയിനത്തിൽ ലഭിക്കാനുള്ള തുകയുടെ 5% തുകയിൽ നിന്നും വലിയ വ്യത്യാസം കാണിക്കുന്നു.

6. 31.03.2019 ൽ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾക്കായുള്ള ബാങ്ക് അക്കൗണ്ടുകളിൽ(450410102, 450430101, 450630101) നീക്കിയിരിപ്പ് ഉണ്ടെങ്കിലും പ്രസ്തുത തുകകൾ ബാധ്യതയായി ബി-4 ഷെഡ്യൂളിൽ അവശേഷിക്കുന്നില്ല.

7. 31.03.2019 ൽ സംയുക്ത പ്രോജക്ട് ഫണ്ടിന്റെ ബി-4 ഷെഡ്യൂളിൽ അവശേഷിക്കുന്ന തുക ആയത് നിക്ഷേപിക്കുന്ന ട്രഷറി അക്കൗണ്ടിലെ(450650109) നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

8. ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള തൊഴിലുറപ്പ് പദ്ധതി EFMS വരവ്-ചെലവ് തുക തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരമുള്ള കണക്കുമായി പൊരുത്തപ്പെടുന്നില്ല.

9. ഗുണഭോക്തൃ വിഹിതമിനത്തിൽ 4,29,079/- രൂപയുടെ ചെലവ് ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ഗുണഭോക്തൃ വിഹിതമിനത്തിലുള്ള തുക ചെലവഴിച്ചപ്പോൾ ആയത് റവന്യൂ ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ലാത്തതിനാലാണ് അപ്രകാരം സംഭവിച്ചത്. ബാധ്യത ശീർഷകത്തിൽ നിന്ന് നേരിട്ട് ചെലവ് ചെയ്തതിനാൽ പ്രോജക്ടുകൾ പ്രകാരമുള്ള റവന്യൂ ചെലവ് ശീർഷകങ്ങളിലും 4,29,079/- രൂപ കുറവായിട്ടാണ് അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുള്ളത്.

10. ബി ഫണ്ട് ഇനങ്ങളായ നെൽകൃഷി കൂലി ചെലവ് (8400 രൂപ), വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം (90000 രൂപ) എന്നിവയിലെ വരവ് ചെലവ് കണക്കുകൾ വാർഷികകണക്കുകളിൽ ഉൾപ്പെടുന്നില്ല.

11. 2018-19 ലഭ്യമായ റെന്റ് ഡെപ്പോസിറ്റ് ബി-7 ഷെഡ്യൂളിൽ റെന്റ് ഡെപ്പോസിറ്റ് (340200101 ) എന്ന ശീർഷകത്തിൽ പ്രതിഫലിക്കുന്നില്ല.

12. പ്രോജക്ട് നം.211/19 പ്രകാരം തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 31,085/- രൂപയുടെ ചെലവ് ഐ.കെ.എം.ചെലവ് പത്രികയിൽ ചെലവായി രേഖപ്പെടുത്തിയിട്ടില്ല.

13. പ്രോജക്ട് നം.214/19 ആയി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 11,047/- രൂപയുടെ ചെലവ്, ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

# 1-8 രസീത് പരിശോധനയിൽ കാണപ്പെട്ട അപാകതകൾ

അകലക്കുന്നം ഗ്രാമപഞ്ചായത്തിലെ 2018-19 സാമ്പത്തിക വർഷത്തെ വരവുകളുടെ രസീതുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

എ) ചുവടെ ചേർക്കുന്ന രസീതുകൾ പ്രകാരമുള്ള വസ്തു നികുതി ക്യാമ്പ് കളക്ഷൻ വരവുകൾ ഔട്ട്ഡോർ കളക്ഷൻ രജിസ്റ്ററിൽ ചേർത്ത് തനത് ഫണ്ടിൽ അടവാക്കിയിരുന്നില്ല.

| രസീത് നം /തീയതി | തുക |
|---|---|
| 40462/50/27/07/18 | 159 |
| 22362/51/27-10-18 | 222 |

ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ തുകകൾ 119040101626, 119040101627/ 04-09-19 പ്രകാരം തനത് ഫണ്ടിൽ അടവാക്കി 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 24(2) പ്രകാരം പിരിച്ചെടുത്ത തുകകൾ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ അതതു ദിവസം തന്നെ രസീത് വൗച്ചർ വഴി അക്കൗണ്ട് ചെയ്യേണ്ടതാണ്. ഇപ്രകാരം തുകകൾ പഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കാതിരുന്നത് താൽക്കാലിക പണാപഹരണമായി കണക്കാക്കാവുന്നതാണ്. പിരിച്ചെടുത്ത തുകകൾ അക്കൗണ്ട് ചെയ്യാതിരുന്നത് മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ കണ്ടെത്താതിരുന്നത് ഗുരുതരമായ വീഴ്ചയാണ്. തുക ഒടുക്കി എങ്കിലും വസ്തുനികുതി അടവാക്കിയ വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ ചേർത്തിട്ടില്ല. വിവരങ്ങൾ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തേണ്ടതാണ്. രസീത് പ്രകാരം പിരിച്ച തുകകൾ അതാത് ദിവസം ഭൗതീകമായി അവശേഷിച്ചിട്ടും ഒടുക്കിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെടാതെ പോയത് കളക്ഷൻ തുകകൾ സ്വകാര്യ ധനവുമായി ഇടകലർത്തി സൂക്ഷിക്കുന്നത് മൂലമാണ്. ടി അപാകത ആഭ്യന്തരനിയന്ത്രണ സംവിധാനത്തിലെ അപാകത വെളിവാക്കുന്നു. അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും പിരിച്ചെടുക്കുന്ന തുകകൾ സമയബന്ധിതമായി അക്കൗണ്ട് ചെയ്യുന്നു എന്ന് ഉറപ്പാക്കേണ്ടതുമാണ്.

ബി) വസ്തു നികുതി ക്യാമ്പ് കളക്ഷൻ പിരിവിനുപയോഗിക്കുന്ന രസീത് ബുക്കുകളിലെ ചില രസീതുകൾ കൃത്യമായി ക്യാൻസൽ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. (ഉദാ - 40461/4,20, 22362/96, 40464/96). ക്യാൻസൽ ചെയ്യുന്ന രസീതുകൾ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

സി) വസ്തു നികുതി ക്യാമ്പ് കളക്ഷൻ പിരിവിന് വിവിധ ഉദ്യോഗസ്ഥർ ഉപയോഗിക്കുന്ന രസീത് ബുക്കുകളിലെ രസീതുകളുടെ എണ്ണം സംബന്ധിച്ച സാക്ഷ്യപത്രം കൃത്യമായി രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

രസീത് ബുക്കുകൾ കൈകാര്യം ചെയ്യുന്നതിലെ ഇത്തരം അപാകതകൾ പരിഹരിക്കേണ്ടതാണ്.

# 1-9 വസ്തു നികുതി - കളക്ഷൻ വിവരം സഞ്ചയയിൽ ചേർക്കാത്തത് സംബന്ധിച്ച്

രസീത് ബുക്ക് 22383 ൽ രസീത് നം 38 മുതൽ 46 വരെയുള്ള 31/03/19 ലെ വസ്തുനികുതി പിരിവ് തുക 3449/- രൂപ സാംഖ്യ രസീത് നം. 119041000009/02.04.19 പ്രകാരം തനത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത രസീതുകൾ പ്രകാരമുള്ള പിരിവ് തുക സഞ്ചയയിൽ ഉൾപ്പെടുത്തിയിരുന്നില്ല. വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള (04/19/31.08.2019) മറുപടിയിൽ 01/04/19 ൽ സഞ്ചയ സോഫ്റ്റ്‌വെയർ ബ്ലോക്ക് ചെയ്യപ്പെട്ടതിനാൽ വിവരങ്ങൾ സഞ്ചയയിൽ ചേർക്കാൻ കഴിയാതെ വന്നെന്നും തുടർനടപടികൾക്കായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന ഐകെഎം ന് അപേക്ഷ നൽകിയെന്നും വ്യക്തമാക്കിയിട്ടുണ്ട്. വസ്തുനികുതി പിരിവ് വിശദാംശങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തി വിവരം ലഭ്യമാക്കേണ്ടതാണ്.

# 1-10 മോഡൽ പോളിടെക്നിക് കോളേജ്, മറ്റക്കര- കെട്ടിടനിർമ്മാണം ക്രമവൽക്കരിച്ചിട്ടില്ല.

സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സ്വയംഭരണസ്ഥാപനമായ ഐ.എച്ച്.ആർ.ഡി.യുടെ ഉടമസ്ഥതയിലുള്ളതും ഗ്രാമപഞ്ചായത്തിന്റെ 13-ാം വാർഡിൽ സ്ഥിതിചെയ്യുന്നതുമായ മറ്റക്കര മോഡൽ പോളിടെക്നിക് കോളേജിന്റെ മൂന്നു കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽനിന്ന് യഥാസമയം അനുമതി തേടിയിരുന്നില്ല. ആകെ 3594ച.മീ. തറവിസ്തീർണ്ണമുള്ള പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണം അനുമതി കൂടാതെ നടന്നിട്ടും ഗ്രാമപഞ്ചായത്ത് സ്വയമേവ ഇക്കാര്യത്തിൽ ഇടപെട്ട് നിയമാനുസൃത

നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. നിർമ്മാണം പൂർത്തിയാക്കിയതിനുശേഷം ഒക്യുപൻസി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് സ്ഥാപനം അപേക്ഷ സമർപ്പിച്ചതിനെ തുടർന്ന് കെട്ടിടനിർമ്മാണം ക്രമവൽക്കരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഗ്രാമപഞ്ചായത്ത് നിർദ്ദേശം നൽകുക മാത്രമാണ് ചെയ്തത്. അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ ടി കെട്ടിടങ്ങളുടെ വിവരങ്ങൾ ചേർത്തിട്ടുമില്ല. ഗ്രാമപഞ്ചായത്തിന്റെ കർത്തവ്യങ്ങൾ നിറവേറ്റുന്നതിൽ വീഴ്ച വരുത്തുന്നതായി ഇതിൽ നിന്ന് വ്യക്തമാണ്. സ്ഥാപനത്തിന്റെ ഡയറക്ടർ സമർപ്പിച്ച ക്രമവൽക്കരണ അപേക്ഷയോടൊപ്പം ലഭ്യമാക്കിയ പ്ലാനുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടൗൺ പ്ലാനർ അറിയിച്ച ന്യൂനതകൾ നിലവിലും പരിഹരിച്ചിട്ടില്ല. 26.7.2019ൽ കോട്ടയം ജില്ലാ പഞ്ചായത്ത് ഹാളിൽ വെച്ചുനടന്ന കെട്ടിട നിർമ്മാണ അനുമതി/കെട്ടിട നമ്പർ അദാലത്തിൽ അനധികൃത നിർമ്മാണ ക്രമവൽക്കരണ ചട്ടപ്രകാരം അപേക്ഷ സമർപ്പിച്ച് പരിഹാരം തേടുന്നതിന് സ്ഥാപനത്തിന്റെ പ്രിൻസിപ്പലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണം നിയമാനുസൃതം ക്രമവൽക്കരിക്കാവുന്നതാണെങ്കിൽ ക്രമവൽക്കരിക്കുന്നതിനും വസ്തുനികുതി നിർണ്ണയിക്കുന്നതിനും നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

## 1-11 കെ.ആർ.നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് & ആർട്സ്, തെക്കുംതല - വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല.

കെ.ആർ.നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് & ആർട്സ്, തെക്കുംതല എന്ന സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ളതും ഗ്രാമപഞ്ചായത്തിന്റെ 10-ാം വാർഡിൽ സ്ഥിതി ചെയ്യുന്നതുമായ 9 കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് 2012ൽ സമർപ്പിച്ച അപേക്ഷയിന്മേൽ ചീഫ് ടൗൺ പ്ലാനർ അറിയിച്ചിരുന്ന നിബന്ധനകൾ പാലിച്ച് അപേക്ഷ പുനഃസമർപ്പിക്കുകയോ ഗ്രാമപഞ്ചായത്തിൽനിന്ന് യഥാസമയം അനുമതി തേടുകയോ ചെയ്തിരുന്നില്ല. പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഗ്രാമപഞ്ചായത്ത് 1.4.2017ൽ നിർദ്ദേശം നൽകിയതിനെ തുടർന്നാണ് സ്ഥാപനം ന്യൂനതകൾ പരിഹരിച്ചത്. 13918.38 ച.മീ. തറവിസ്തീർണ്ണമുള്ള ടി കെട്ടിടങ്ങളുടെ നിർമ്മാണവേളയിൽ ഗ്രാമപഞ്ചായത്ത് അനധികൃത നിർമ്മാണത്തിനെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ടി കെട്ടിടങ്ങളെ അനധികൃത കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്താത്തതും ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ വീഴ്ചയാണ്. എൽ.എസ്.ജി.ഡി.അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രമവൽക്കരണഫീസ് ഒടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്ഥാപനത്തിന് അറിയിപ്പ് നൽകിയിരുന്നുവെങ്കിലും സ്ഥാപനം നാളിതുവരെ ഫീസ് ഒടുക്കിയിട്ടില്ല. 26.7.2019ൽ കോട്ടയം ജില്ലാ പഞ്ചായത്ത് ഹാളിൽ വെച്ചുനടന്ന കെട്ടിട നിർമ്മാണ അനുമതി/കെട്ടിട നമ്പർ അദാലത്തിൽ സർക്കാർ സ്ഥാപനമാണെന്ന് സർട്ടിഫിക്കറ്റ് നൽകുകയോ സർക്കാരിൽനിന്ന് സ്ഥാപനത്തിന്റെ വസ്തുനികുതിയും ക്രമവൽക്കരണ ഫീസും ഒഴിവാക്കി ഉത്തരവാകുകയോ ചെയ്യാത്തപക്ഷം സ്ഥാപനം ക്രമവൽക്കരണഫീസ് അടച്ച് ഗ്രാമപഞ്ചായത്തിൽനിന്ന് കെട്ടിടനമ്പർ വാങ്ങേണ്ടതാണെന്ന് അറിയിച്ചിട്ടുണ്ട്. പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിൽ ഉള്ള സ്ഥാപനമായതിനാൽ ക്രമവൽക്കരണ ഫീസിൽ ഇളവ് ലഭിക്കുന്നതിനായി സർക്കാരിനെ സമീപിക്കുന്നതിന് സ്ഥാപനഡയറക്ടറോട് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. (ഈ വിഷയം സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന്റ 2016-17 ഓഡിറ്റ് റിപ്പോർട്ടിന്റെ ഖണ്ഡിക 2-ൽ പരാമർശിച്ചിട്ടുണ്ട്.) ആയതിനാൽ പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണം ക്രമവൽക്കരിച്ച് വസ്തുനികുതി നിർണ്ണയിച്ച് ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

## 1-12 തൊഴിൽനികുതി-ഈടാക്കാത്തത്.

എ) ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2018-19 വർഷം തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി/ സ്ഥാപനതൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | ജീവനക്കാരുടെ തൊഴിൽനികുതി അടവാക്കാത്ത അർദ്ധവർഷം | സ്ഥാപന തൊഴിൽനികുതി അടവാക്കാത്ത അർദ്ധവർഷം |
|---|---|---|---|
| 1 | കുഴിമറ്റം ഫിനാൻസ് മണൽ മറ്റക്കര | 1 & 2 | 1 & 2 |
| 2 | പോസ്റ്റ് ഓഫീസ് കരിമ്പാനി | 1 & 2 | |
| 3 | റ്റോംസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് | 1 & 2 | 1 & 2 |
| 4 | വെൽബ്രോസ് ഇന്റർനാഷണൽ ചെങ്ങളം | 1 & 2 | 1 & 2 |
| 5 | വിശ്വേശ്വര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി | 1 & 2 | 1 & 2 |
| 6 | വടക്കേൽ റബ്ബർ നേഴ്സറി | | 1 & 2 |
| 7 | ശ്രീ.ഗണേഷ് ഇൻഡേൻ തറക്കുന്ന് | 1 & 2 | 1 & 2 |
| 8 | എസ്ബിഐ ചെങ്ങളം | | 2 |
| 9 | എസ് സി ബി കാഞ്ഞിരമറ്റം | | 2 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (05/19/02.09.19) ജീവനക്കാരുടെ തൊഴിൽ നികുതി/ സ്ഥാപനതൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ബി) സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല.

2018-19 ൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല.

1. ചെങ്ങളം സർവ്വീസ് സഹകരണ ബാങ്ക് , ഞണ്ടുപാറ ശാഖ

2. കാഞ്ഞിരമറ്റം സർവ്വീസ് സഹകരണ ബാങ്ക് , പൂവത്തിളപ്പ് ശാഖ

3. ചെരിപ്പുറത്ത് കാർഷിക നഴ്സറി - ചെങ്ങളം

മേൽ സ്ഥാപനങ്ങളെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററിൽ ഉൾപ്പെടുത്തി സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

സി) റേഷൻ ഡീലർമാർ, കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിലുള്ള 7 റേഷൻ ഡീലർമാർ, പഞ്ചായത്ത് പരിധിയിൽ വിവിധ കരാർ പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർ എന്നിവരിൽ നിന്നും 2018-19 വർഷം തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത്

ഈടാക്കിയിട്ടില്ല. റേഷൻ ഡീലർമാരിൽ നിന്നും കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 വ്യാപാര വ്യവസായ സംരഭക പ്രവർത്തനങ്ങൾക്കുള്ള ലൈസൻസ് - സ്ഥാപനങ്ങൾ അനധികൃതമായി പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്.

2018-19 ൽ രജിസ്റ്റർ പ്രകാരം ലൈസൻസിനായി 193 സ്ഥാപനങ്ങൾ അപേക്ഷ സമർപ്പിച്ചിരുന്നു. വിവിധ കാരണങ്ങളാൽ 21 അപേക്ഷകൾ നിരസിച്ചിരുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷാ നം/ തീയതി | പേര്, വ്യവസായം | നിരസിക്കാനുണ്ടായ കാരണം |
|---|---|---|
| 1411/4-4-18 | സെബാസ്റ്റ്യൻ കെ. ഏബ്രഹാം, കുഴിത്തോട്ടിൽ - റൂഫിംഗ് ബോർഡ് നിർമ്മാണം | കടമുറി സജ്ജീകരിച്ചിട്ടില്ല |
| 858/24-02-18 | ശ്യാം ഇ.എസ്., ഇലന്തശ്ശേരിൽ - അച്ചാർ നിർമ്മാണം | പാർപ്പിടാവശ്യത്തിലാണ് കെട്ടിടം ഉൾപ്പെടുത്തിയിരിക്കുന്നത് |
| 1724/02-05-18 | വി.എം. സെബ്സ്റ്റ്യൻ, വാക്കയിൽ,മറ്റക്കര - തടി ഫർണ്ണിച്ചർ നിർമ്മാണം | വനം വകുപ്പിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം ഇല്ല |
| 2468/25-06-18 | അവറാച്ചൻ വി.റ്റി., വേഴപ്പള്ളി - ചായക്കട | സഞ്ചയയിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല |
| 2469/25-06-18 | കെ.ടി. ജേക്കബ്, കളരിക്കൽ , മറ്റക്കര- കോഫി ബാർ & കൂൾ ബാർ | സാനിട്ടറി, മെഡിക്കൽ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് ഇല്ല |

വിവിധ കാരണങ്ങളാൽ നിരസിക്കപ്പെടുന്ന ലൈസൻസ് അപേക്ഷകളിൽ പ്രതിപാദിച്ചിട്ടുള്ള സ്ഥാപനങ്ങൾ ലൈസൻസ് ലഭ്യമാക്കാതെ പ്രവർത്തിക്കുന്നുണ്ടോയെന്നും പ്രവർത്തിക്കുന്നുണ്ട് എങ്കിൽ ലൈസൻസ് ഈടാക്കാനുള്ള തുടർനടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/19/06.09.19-ൽ അപാകതകൾ പരിഹരിച്ച് എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടി സ്വീകരിക്കേണ്ടതും സ്ഥാപനങ്ങൾ അനധികൃതമായി പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 രാജിയാക്കൽ ഫീസിനൊപ്പം പെർമിറ്റ് ഫീസ് കൂടി ഈടാക്കേണ്ടതാണ്.

കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 135(3) പ്രകാരം ഒരു ക്രമവൽക്കരണ അപേക്ഷയുടെ തീർപ്പാക്കൽ നടപടിക്രമം ഒരു പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നപോലെ തന്നെയായിരിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ (അർ.ഡി)വകുപ്പ് സെക്രട്ടറിയുടെ 229813/ആർ.ഡി-2/15/തസ്വഭവ/11.11.15 നമ്പർ കത്തിലൂടെ പൂർണ്ണമായും ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷകളിൽ, പെർമിറ്റ് പുതിയതായി അനുവദിക്കേണ്ടവയുടെ

കാര്യത്തിലാണെങ്കിൽ രാജിയാക്കൽ ഫീസിനോടൊപ്പം പെർമിറ്റ് ഫീസ് കൂടി വാങ്ങേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ പഞ്ചായത്തിൽ 2018-19 വർഷം പെർമിറ്റ് എടുക്കാതെ പൂർണ്ണമായും ക്രമവൽക്കരിച്ചിട്ടുള്ള കേസുകളിൽ പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (08/19/03.09.19) പെർമിറ്റ് പുതിയതായി അനുവദിക്കേണ്ടവയുടെ കാര്യത്തിലാണെങ്കിൽ രാജിയാക്കൽ ഫീസിനോടൊപ്പം പെർമിറ്റ് ഫീസ് കൂടി വാങ്ങുന്നതാണെന്ന മറുപടി നൽകി. കെട്ടിട നിർമ്മാണചട്ടപ്രകാരവും തദ്ദേശ സ്വയംഭരണ (അർ.ഡി)വകുപ്പ് സെക്രട്ടറിയുടെ കത്തിലെ നിർദ്ദേശപ്രകാരവും പെർമിറ്റ് ഫീസ് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-15 പദ്ധതിനടത്തിപ്പിലെ ഉദാസീനത-പദ്ധതിവിഹിതം ഇനത്തിൽ വൻതുക ലാപ്സായി.

ഗ്രാമപഞ്ചായത്തിന് 2018-19 വാർഷികപദ്ധതിയിനത്തിൽ വികസനഫണ്ട്, ധനകാര്യകമ്മീഷൻ ഗ്രാന്റ്, ആസ്തിസംരക്ഷണ ഗ്രാന്റ് (റോഡിതരം)എന്നീയിനങ്ങളിലായി സംസ്ഥാനബജറ്റ് അലോക്കേഷനായി ലഭിച്ചതിൽ വലിയതുക പ്രോജക്ടുകളുടെ നിർവഹണത്തിലെ പാളിച്ചകളും, പ്രോജക്ടുകൾ നടപ്പാക്കാതെയിരുന്നതിനാലും നഷ്ടപ്പെടുന്ന അവസ്ഥ സംജാതമായി. കൂടാതെ പ്രവൃത്തി പൂർത്തീകരിച്ച് നിശ്ചിത സമയത്തിനുള്ളിൽ ട്രഷറിയിൽ ബിൽ സമർപ്പിക്കാതിരുന്നതിനാൽ 2019-20 സാമ്പത്തിക വർഷത്തിൽ ലഭ്യമായ പദ്ധതിവിഹിതത്തിൽ നിന്ന് മുൻവർഷം 'ക്യൂ'വിലായ ബിൽ തുകകൾ പണമാക്കേണ്ടി വന്നു. ആയതിനാൽ 2019-20 വർഷം ഏറ്റെടുക്കേണ്ടിയിരുന്ന പല പ്രോജക്ടുകൾക്കും തുക ലഭിക്കാത്ത സാഹചര്യവും ഉണ്ടായി. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബജറ്റ് അലോട്ട്മെന്റ് | ചെലവഴിച്ചത് | ലാപ്സായതുക |
|---|---|---|---|
| വികസനഫണ്ട് ,പൊതുവിഭാഗം | 13505826 | 11988976 | 1516850 |
| „ എസ്.സി.പി | 2392000 | 1806059 | 585941 |
| „ ടി.എസ്.പി | 191000 | 87000 | 104000 |
| ധനകമ്മീഷൻ ഗ്രാന്റ് | 8089193 | 4287901 | 3801292 |
| ആസ്തിസംരക്ഷണഗ്രാന്റ്,റോഡിതരം | 2986000 | 2634698 | 351302 |
| ആകെ ലാപ്സായ തുക | | | 6359385 |

കൂടാതെ 'ക്യൂ'ബിൽ തുകകൾ തൻവർഷം മാറിയതിലൂടെ 46,21,911/- രൂപയുടെ കുറവും ഗ്രാമപഞ്ചായത്തിനുണ്ടായി.

പദ്ധതിരൂപീകരണ/നിർവഹണ പ്രവൃത്തികളിൽ കാര്യക്ഷമത കൈവരിച്ച് ഇത്തരം നഷ്ടങ്ങൾ ഒഴിവാക്കേണ്ടതാണ്.

# 1-16 ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ നിർമ്മിച്ച കെട്ടിടം-ഉടമസ്ഥാവകാശം ഉറപ്പാക്കിയില്ല

അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ട സ്ഥലത്ത് പാമ്പാടി ബ്ലോക്ക് 2004-05 വാർഷികപദ്ധതിയിൽ വനിതാഘടകപദ്ധതിയിൽപെടുത്തി നിർമ്മിച്ച് IX/356.357,358 നമ്പർ നല്കിയ കെട്ടിടം ബ്ലോക്ക്പഞ്ചായത്തിന്റെ അധീനതയിൽ നിന്ന് തിരികെ ലഭ്യമാക്കുന്നത് സംബന്ധിച്ച് നടപടി സ്വീകരിക്കാൻ ഗ്രാമപഞ്ചായത്ത് കമ്മിറ്റി 30-11-18-ലെ 13-(1)-ാം നമ്പർ തീരുമാനത്തിലൂടെ ആവശ്യപ്പെട്ടിട്ടുള്ളതായി മിനിറ്റ്സ് പരിശോധനയിൽ കാണപ്പെട്ടു. കൂടാതെ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചെങ്ങളം ഷോപ്പിംഗ് കോംപ്ലക്സിന് സമീപം ബ്ലോക്ക് പഞ്ചായത്ത് ഫണ്ടുപയോഗിച്ച് നിർമ്മിച്ചതും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ അസസ്സ് ചെയ്ത് ഗ്രാമപഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ടതുമായ കെട്ടിടത്തിന്റെ വാടക ബ്ലോക്ക് പഞ്ചായത്ത് ഈടാക്കുന്ന

സാഹചര്യത്തിൽ കെട്ടിടം വിട്ടുകിട്ടാൻ നടപടി ആവശ്യപ്പെട്ട് 11-6-18ലെ പഞ്ചായത്ത് കമ്മിറ്റി 11-1 നമ്പരായി തീരുമാനം എടുത്തിട്ടുണ്ട്. ടി തീരുമാനങ്ങൾ പാമ്പാടി ബ്ലോക്കിന് നല്കിയെങ്കിലും മറുപടി ലഭിച്ചിട്ടില്ലയെന്നാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.6/2.9.19(1,2)നുള്ള മറുപടിയിൽ സെക്രട്ടറി അറിയിച്ചത്.

കൂടാതെ അകലകുന്നം പഞ്ചായത്തിന്റെ 7-ാം വാർഡിൽ സ്ഥിതിചെയ്യുന്ന കാഞ്ഞിരമറ്റം അഗ്രോക്ലിനിക് പഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിലുൾപ്പെട്ടതാണെങ്കിലും 'സഞ്ചയ'യിൽ കെട്ടിടഉടമ കൃഷി ഓഫീസർ എന്നാണ് ചേർത്തിട്ടുള്ളത്. ഉടമസ്ഥത സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനും കെട്ടിടം വിട്ടുകിട്ടുന്നതിനും 14-1-19ലെ 10-(1) തീരുമാനപ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ കൃഷി വകുപ്പിന് കത്തുനൽകിയെങ്കിലും മറുപടി ലഭിച്ചില്ലയെന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള (നം.6/2.9.19(11)) മറുപടിയിലൂടെ സെക്രട്ടറി അറിയിച്ചു.

കെട്ടിടങ്ങൾ തിരികെ ലഭിക്കുന്നതിന് മതിയായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അന്യാധീനപ്പെടുന്നില്ലയെന്ന് ഉറപ്പാക്കുന്നതിന് ഭരണതലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-17 സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം-സംയുക്ത പരിശോധന നടത്തിയിട്ടില്ല

തെരുവ് ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 2018-19 വർഷം പ്രോജക്ട് നം.85 പ്രകാരം സംരക്ഷണ ഗ്രാന്റ് റോഡിതരത്തിൽ നിന്ന് 5,08,466/- രൂപ ജല അതോറിറ്റിയ്ക്ക് നല്കിയിട്ടുണ്ട്. 105 ടാപ്പുകൾക്കായി വർഷം 5250/- രൂപ നിരക്കിലാണ് തുക ഒടുക്കിവരുന്നത്. എന്നാൽ പ്രവർത്തനക്ഷമമായ ടാപ്പുകൾ സംബന്ധിച്ച് ജല അതോറിറ്റിയുമായി ചേർന്നുള്ള കണക്കെടുപ്പ് ഇതുവരെ നടത്തിയിട്ടില്ല. ജല അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി വെള്ളക്കരം ഇനത്തിൽ ഒടുക്കുന്ന തുക ന്യായമാണെന്നും പഞ്ചായത്തിന് ഇതിലൂടെ ധന നഷ്ടം ഉണ്ടാകുന്നില്ലയെന്നും ഉറപ്പാക്കേണ്ടതാണ്. ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിച്ച് ആവർത്തിച്ചുണ്ടാകുന്ന പാഴ്ചെലവ് ഒഴിവാക്കി വിവരം അറിയിക്കാത്തപക്ഷം ഉദ്യോഗസ്ഥരുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതാണ്.

# 1-18 ഖരദ്രവമാലിന്യസംസ്ക്കരണം- ശുചിത്വമിഷൻ നിർദ്ദേശങ്ങൾ നടപ്പാക്കുന്നില്ല.

ഖരദ്രവമാലിന്യസംസ്കരണത്തിനുവേണ്ടി സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫണ്ടിൽ നിന്ന് 20ലക്ഷം രൂപ (ചെക്ക് നമ്പർ 52258/23.3.2018) ജില്ലാ ശുചിത്വമിഷൻ ഗ്രാമപഞ്ചായത്തിന് അനുവദിച്ചിരുന്നു. ഗ്രാമപഞ്ചായത്തിലെ അജൈവമാലിന്യങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനും ഹരിതകർമ്മസേനയ്ക്കും സ്വാപ്പ് ഷോപ്പിനും സൗകര്യം ഒരുക്കുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിലേയ്ക്കായി പ്രസ്തുത വിഹിതം വിനിയോഗിച്ച് ചെങ്ങളത്ത് ഗ്രാമപഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിനുസമീപം കെട്ടിടം നിർമ്മിച്ചിട്ടുണ്ടെങ്കിലും ടി കെട്ടിടം നിർദ്ദിഷ്ട ആവശ്യത്തിലേയ്ക്കായി നിലവിൽ ഉപയോഗിക്കുന്നില്ല. 2018-2019 വർഷം ഗ്രാമപഞ്ചായത്ത് തലത്തിൽ അജൈവമാലിന്യങ്ങൾ ശേഖരിച്ച് ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറിയതായി ഓഡിറ്റിൽ അറിയിച്ചുവെങ്കിലും ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചിട്ടില്ല.

കോട്ടയം ജില്ലാ ശുചിത്വമിഷൻ കോ-ഓർഡിനേറ്ററുടെ 21.3.2018ലെ 2015/2017/ഡിഎസ്എം/കെടിഎം നമ്പർ ഉത്തരവിൽ പദ്ധതികൾ അടിയന്തിരമായി തയ്യാറാക്കി ബന്ധപ്പെട്ട സമിതികളിൽനിന്ന് നിർദ്ദിഷ്ട സമയത്തിനുള്ളിൽ അനുമതി നേടിയെടുത്ത് സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിന്

നിർദ്ദേശിച്ചിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ മാലിന്യസംഭരണകേന്ദ്രത്തിന് കെട്ടിടം നിർമ്മിച്ചതല്ലാതെ പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നതുപോലെ ഖരദ്രവമാലിന്യ സംസ്കരണപ്രക്രിയ നടക്കുന്നില്ല.

ആയതിനാൽ ശുചിത്വമിഷന്റെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി മാലിന്യസംസ്കരണം നടപ്പാക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-19 മൈങ്കണ്ടം വനിതാ വ്യവസായകേന്ദ്രം നാളിതുവരെ പ്രവർത്തനക്ഷമമായിട്ടില്ല.

പ്രോജക്റ്റ് നം.SO206/19

വികസന ഫണ്ട് -85200

ചെലവഴിച്ച തുക -75675

ബിൽ നം.60/18-19 75675 തീ 23.3.19

2000-01 സാമ്പത്തികവർഷം ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി 2003-04 സാമ്പത്തികവർഷം പൂർത്തീകരിച്ചിട്ടുള്ളതാണ് മൈങ്കണ്ടം വനിതാ വ്യവസായ കേന്ദ്രം. നാളിതുവരെ ടി കെട്ടിടത്തിൽ വനിതകൾ യാതൊരു വ്യവസായ സംരംഭങ്ങളും ആരംഭിച്ചിട്ടില്ലെന്നും, വർഷങ്ങളായി കെട്ടിടം ഒഴിഞ്ഞു കിടക്കുകയാണെന്നും പ്രാദേശികമായ അന്വേഷണത്തിൽ വ്യക്തമായി. വ്യവസായ കേന്ദ്രം പ്രവർത്തിക്കാത്തതിനാൽ താഴത്തെ നിലയിൽ ഒരു അങ്കണവാടി പ്രവർത്തിപ്പിക്കുന്നതിനായി വിട്ടു നൽകിയിട്ടുണ്ട്. വനിതാ വ്യവസായ കേന്ദ്രം കെട്ടിടത്തിൽ വെടിഫൈഡ് ടൈൽ പാകുന്നതിനും, മുറ്റത്ത് ഇന്റർ ലോക്ക്പേവർ ബ്ലോക്ക് വിരിക്കുന്നതിനുമായി 2018-19 വർഷം 75675/-രൂപ ചെലവഴിച്ചിട്ടുണ്ട്. ടി വ്യവസായ കേന്ദ്രം നിഷ്ക്രിയ ആസ്തിയായി പരിണമിക്കാതെ വനിതാവ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ ആവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയുടെ ഭാഗത്ത് നിന്ന് ഉണ്ടാവേണ്ടതാണ്.

# 1-20 സ്വാപ്പ്ഷോപ്പ് നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല

പ്രോജക്റ്റ് നം.SO106/19

വികസനഫണ്ട് -1,00,000

ചെലവഴിച്ച തുക -1,00,000

ബിൽ നം.9/18-19 തീ 9.3.2019

ചെങ്ങളത്തുള്ള പഞ്ചായത്ത് വക കെട്ടിടത്തിൽ ഹരിതകർമ്മസേന മുഖേന അകലക്കുന്നം ഗ്രാമപഞ്ചായത്തിലെ പുനരുപയോഗ സാദ്ധ്യമായ വസ്തുക്കൾ ശേഖരിച്ച് ആവശ്യമുള്ളവർക്ക് നൽകുന്നതിനു വേണ്ടിയാണ് പ്രോജക്റ്റ് ലക്ഷ്യമിടുന്നത്. ടി വസ്തുക്കൾ പ്രദർശിപ്പിക്കുന്നതിനാവശ്യമായ അലമാരകളും , ഉപകരണങ്ങളും, മറ്റ് പശ്ചാത്തല സൗകര്യങ്ങളും നെയിം ബോർഡ് എന്നിവയും ഒരുക്കുന്നതിനായിട്ടാണ് ഫണ്ട് വകയിരുത്തിയിട്ടുള്ളത്. ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത ചിറ്റേട്ട് ഏജൻസീസ് , പാല എന്ന സ്ഥാപനത്തിൽ നിന്നും ആറ് അലമാര (ഗ്ലാസ്സ് ഡോർ ഉള്ളത്-2), കസേര -5, റാക്ക്-3, മേശ-1 എന്നീ സാധനങ്ങൾ വാങ്ങി കർഷക ഓപ്പൺ മാർക്കറ്റ് ബിൽഡിംഗിൽ സൂക്ഷിച്ചിട്ടുണ്ട്. നാളിതുവരെ ഹരിത കർമ്മസേന ഗ്രാമപഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. പ്രവർത്തനം ആരംഭിക്കുന്നതിന് മുൻപ് തന്നെ ഫണ്ട് ചെലവാക്കുക എന്ന ഉദ്ദേശ്യത്തോടെ മാത്രം ഫർണിച്ചറുകൾ വാങ്ങി സൂക്ഷിച്ച നടപടി

ക്രമപ്രകാരമല്ല. പദ്ധതിലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതിനാൽ 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 അങ്കണവാടി- കേന്ദ്രസഹായം പൂർണ്ണമായും വിനിയോഗിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ ആകെ 23 അങ്കണവാടികൾ ഉള്ളതിൽ 4 എണ്ണത്തിന് കെട്ടിടമില്ല. 3 അങ്കണവാടികൾ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. (സെന്റർ നം.3 നിർമലാഭവൻ, സെന്റർ നം.10 മറ്റക്കര, സെന്റർ നം. 20 നായിപ്ലാവ് ) സെന്റർ നം.20 കൃഷിഭവനിലുമാണ് പ്രവർത്തിയ്ക്കുന്നത്. പൂരക പോഷകാഹാര പരിപാടിയ്ക്കായി ഗ്രാമപഞ്ചായത്തിന് ലഭിച്ച തുകയിൽ കേന്ദ്ര വിഹിതം 3,57,846/- രൂപ നീക്കിയിരുപ്പുണ്ട് (B4 ഷെഡ്യൂൾ പ്രകാരം ). കേന്ദ്രവിഹിതത്തിന്റെ വരവ്/ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ് -501755

വരവ് -419699

ആകെ -921454

ചെലവ് -563608

നീക്കിയിരുപ്പ് -357846/-

സ.ഉ.നം.39033/ഡി.സി.2/2010/ത.സ്വ.ഭ.വ തീ 3.9.2010 പ്രകാരം പൂരകപോഷകാഹാര പരിപാടിയ്ക്ക് (എസ്.എൻ.പി)ലഭ്യമാക്കുന്ന കേന്ദ്ര വിഹിതത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിന് പാത്രങ്ങൾ /സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ അവശേഷിക്കുന്ന കേന്ദ്രസഹായം അങ്കണവാടികളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിന് ഉപയോഗിക്കേണ്ടതാണ്. ഈ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-22 കൂർക്കമറ്റം-പന്നഗം തോട്ടിൽ ക്രോസ്ബാർ കം ബ്രിഡ്ജ് നിർമ്മാണം- പൂർത്തിയായില്ല.

ഗ്രാമപഞ്ചായത്തിലെ 1,15 വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനായി ക്രോസ്ബാർ കം ബ്രിഡ്ജ് നിർമാണം എന്ന പ്രോജക്ട് ആരംഭിച്ചത് നബാർഡ് ആർ.ഐ.ഡി.എഫ്, ജില്ലാ പഞ്ചായത്ത്, പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് എന്നീ സ്ഥാപനങ്ങളുടെ സംയുക്ത ഫണ്ടുപയോഗിച്ചാണ്. 2016-17-ൽ ആരംഭിച്ച പ്രോജക്ടിന്റെ ധനകാര്യവിശകലനം ചുവടെ ചേർക്കുന്നു.

| തുക ലഭ്യമാക്കുന്ന സ്ഥാപനം | തുക |
|---|---|
| നബാർഡ് | 66 ലക്ഷം |
| ജില്ലാ പഞ്ചായത്ത് | 10 ലക്ഷം |
| പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | 4.9 ലക്ഷം |
| ഗ്രാമപഞ്ചായത്ത് | 1.6 ലക്ഷം<br>(ധന.കമ്മീഷൻഗ്രാന്റ് 1 ലക്ഷം,തനത്ഫണ്ട് 60000) |

| | |
|---|---|
| ആകെ | 82.5 ലക്ഷം |

2016-17-ൽ പ്രോജക്ട് നം. 29/17, 2017-18ൽ പ്രോജക്ട് നം.104/18,2018-19ൽ പ്രോ.നം.163/19 ആയി തുടർന്നുവരുന്നു. അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായ പ്രവൃത്തിക്ക് നാളിതുവരെ തുകകൾ ഈ പ്രോജക്ടിൽ നിന്ന് ചെലവഴിച്ചിട്ടില്ല. ജില്ലാപഞ്ചായത്ത് വിഹിതമായി ലഭിച്ച 9,90,938/- രൂപ ലഭ്യമായത് വാർഷിക ധനകാര്യപത്രികയുടെ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടുണ്ട്.

പ്രവൃത്തിയുടെ സോയിൽ ടെസ്റ്റ്, സ്ട്രക്ചറൽ ഡിസൈൻ എന്നിവ നടത്തുന്നതിനായി സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 2017-18 ൽ തനത്ഫണ്ടിൽ നിന്ന് 2 ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ച് പ്രോജക്ട് തയ്യാറാക്കിയിരുന്നു. 2018-19 ൽ സ്പിൽ ഓവറായി നടപ്പാക്കിയ പ്രോജക്ട് പ്രകാരം (135/19) സോയിൽ ടെസ്റ്റിന് പാമ്പാടി എൻജിനീയറിംഗ് കോളേജിന് 98386/- രൂപയും, (ചെക്ക് 202671/18.1.18-65000, ചെക്ക് 202677/12.3.18-33386/) സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കിയതിന് തിരുവനന്തപുരം എൻജിനീയറിംഗ് കോളേജിന് 88500/- രൂപയും (ചെക്ക്നം.168109/22.10.18)നല്കിയിട്ടുണ്ട്.

മതിയായ മോണിട്ടറിംഗിലൂടെ പ്രവൃത്തിയുടെ ഗുണമേന്മ ഉറപ്പാക്കേണ്ടതും നിശ്ചിത സമയക്രമം പാലിച്ച് പ്രവൃത്തി പൂർത്തീകരിക്കേണ്ടതുമാണ്. പ്രോജക്ടിന്റെ ശരിയായ സാധ്യതാ പഠനം നടത്തിയതിന് ശേഷമാണോ മേൽ വിവരിച്ച പ്രകാരമുള്ള പ്രാരംഭ ചെലവുകൾ നടത്തിയതെന്ന് വ്യക്തമല്ല. പഞ്ചായത്തിന്റെ പരിമിതമായ വിഭവശേഷി വിനിയോഗിച്ച് നടപ്പിലാക്കാൻ കഴിയാത്ത ഇത്തരം പ്രോജക്ടുകളുടെ ഇതരഫണ്ടുകളുടെ അനുമതി, വിനിയോഗം എന്നിവ കാര്യക്ഷമമായ ഇടപെടലിലൂടെ ഉറപ്പ് വരുത്തേണ്ടതാണ്. ഇക്കാര്യത്തിലേയ്ക്ക് ഭരണസമിതിയുടെ പ്രത്യേകശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് മതിയായ തുക വകയിരുത്തുന്നില്ല

ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് എന്ന പദ്ധതി നടപ്പിലാക്കിയതിനുവേണ്ടി തൻവർഷം വികസന ഫണ്ടിൽ നിന്നും ₹5,00,000/-രൂപയും ബ്ലോക്ക്പഞ്ചായത്ത് വിഹിതം ₹2,00,000/-രൂപയും ജില്ലാ പഞ്ചായത്ത് വിഹിതം 2,00,000/- രൂപയും അടക്കം ആകെ ₹9,00,000/- രൂപ വകയിരുത്തിയതിൽ 7,71,875/-രൂപ ചെലവഴിച്ചിട്ടുണ്ട്. ആകെ 51 ഗുണഭോക്താക്കളിൽ 43 പേരും മാനസിക വെല്ലുവിളി നേരിടുന്നവരായിരുന്നു. ജി.ഒ.(എം.എസ്)നം.22/2018/ത.സ്വ.ഭ.വ/തീയതി 14.02.2018 പ്രകാരം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ചുവടെ ചേർത്തിരിക്കുന്ന രീതിയിൽ സ്കോളർഷിപ്പ് അനുവദിക്കാവുന്നതാണ്.

| ക്രമ നം. | ഇനം | തുക ₹ |
|---|---|---|
| 1 | സ്കോളർഷിപ്പ് (പ്രതിമാസം) | 1000 |
| 2 | വസ്ത്രം(വാർഷികം) | 1500 |
| 3 | പഠനസഹായി(വാർഷികം) | 2000 |
| 4 | ഡേ സ്കോളർക്ക് യാത്രാബത്ത (പ്രതിമാസം) | 1000 |
| 5 | ഉല്ലാസ യാത്ര (വാർഷികം) | 1000 |

ആകെ =₹28,500/-(വാർഷികം)

എന്നാൽ മാനസിക വെല്ലുവിളി നേരിടുന്നവർക്ക് തൻവർഷം ₹16683/-രൂപ നിരക്കിലാണ് സ്കോളർഷിപ്പ് നൽകിയിരിക്കുന്നത്. ദുർബ്ബല വിഭാഗങ്ങൾക്ക് അർഹിക്കുന്ന തരത്തിൽ തുക വക കൊള്ളിച്ച് പ്രോജക്ട് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 വീട് വാസയോഗ്യമാക്കൽ പ്രവൃത്തികൾക്ക് സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള തുക വകയിരുത്തുന്നില്ല

ജി.ഒ.(എം.എസ്)നം.22/2018/ത.സ്വ.ഭ.വ തീയതി 14.2.18 പ്രകാരം വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കാൻ ജനറൽ വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് 1,00,000/-രൂപ സബ്സിഡി അനുവദിയ്ക്കാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കാൻ ഗ്രാമപഞ്ചായത്ത് 25,000/- രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. തൻ വർഷം 37 ഗുണഭോക്താക്കൾക്കായിട്ട് 9,06,738/- രൂപ സബ്സിഡിയിനത്തിൽ നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ 25,000/-രൂപ ഉപയോഗിച്ച് വീട് വാസയോഗ്യമാക്കുക എന്ന പ്രവൃത്തി എത്രത്തോളം ലക്ഷ്യം കൈവരിച്ചിട്ടുണ്ടെന്ന് വ്യക്തമല്ല. വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസം ഒഴിവാക്കി പദ്ധതി ധനസഹായം ഗുണപരമായി വിനിയോഗിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. 2018-19 സാമ്പത്തികവർഷം വീട് മെയിന്റനൻസ് പ്രോജക്ടിൽ ഉൾപ്പെട്ട ഒരു ഗുണഭോക്താവിന് 8 വർഷത്തിന്ശേഷമേ പിന്നീട് ആനുകൂല്യം ലഭിക്കുകയുള്ളൂ. സർക്കാർ സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഗുണഭോക്താക്കൾക്ക് അനുവദിയ്ക്കാമെന്ന് നിഷ്കർഷിച്ചിട്ടുള്ള തുക വകയിരുത്തി പ്രോജക്ടുകൾ ആവിഷ്കരിയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 ഇ-ടെന്റർ ഫീസുകൾ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം 15 പ്രവൃത്തികൾ ഇ-ടെൻഡർ നടത്തുകയുണ്ടായി. ഇതുപ്രകാരം ആകെ 57 ടെൻഡറുകൾ ആണ് ലഭിച്ചത്. പല നിരക്കിൽ ഉള്ള ടെൻഡർ ഫീസ് തുകകൾ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടതാണ്. നിലവിൽ തുക എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലാണുള്ളത്. തുക പഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 ലൈഫ് ഭവനപദ്ധതി - അവലോകനം

സ്വന്തമായി ഭൂമിയുള്ള ഭവനരഹിതർക്ക് വാസയോഗ്യമായ വീട് നിർമ്മിക്കുന്നതിന് ആവശ്യമായ ധനസഹായം ലഭ്യമാക്കുന്നതിനുവേണ്ടിയാണ് ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവനപദ്ധതി രണ്ടാം ഘട്ടം നടപ്പിലാക്കിയിട്ടുള്ളത്. ലൈഫിന്റെ ഗുണഭോക്തൃ ലിസ്റ്റിൽ അർഹതയുള്ള 20 പേർ ജനറൽ വിഭാഗത്തിലും, 2 പേർ എസ്.സി.വിഭാഗത്തിലും ഉൾപ്പെട്ടവരാണ്. ലൈഫ് മിഷൻ ഭവനനിർമ്മാണത്തിനായി തൻ വർഷം ഹഡ്കോയിൽ നിന്നും വായ്പയിനത്തിൽ 10,42,608/- രൂപ ലഭിച്ചിട്ടുണ്ട്.

ലൈഫ് ഭവനനിർമ്മാണം ജനറൽ (പ്രോജക്ട് നം.S0178/19) വിഭാഗത്തിൽ വകയിരുത്തിയ തുകയുടെയും, ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിഭാഗം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| വികസനഫണ്ട് | 2720200 | 2720200 |
| ബ്ലോക്ക് വിഹിതം | 1008568 | 1008568 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 448624 | 448624 |
| വായ്പ | 3822608 | 1042608 |
| ആകെ | 8000000 | 5220000 |

ജനറൽ വിഭാഗത്തിൽ എഗ്രിമെന്റ് വച്ച് ഭവന നിർമ്മാണം ആരംഭിച്ച 17 ഗുണഭോക്താക്കളിൽ 11 പേർ തൻവർഷം ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ഭവനനിർമ്മാണം പൂർത്തിയാക്കാത്ത ജനറൽ വിഭാഗം ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|
| കുമാരി ജോൺസൺ, ഓലിയ്ക്കൽ, ഇടമുള | 300,000 |
| ശുഭ സന്തോഷ്,കുന്നും പുറത്ത്,കരിമ്പാനി | 200,000 |
| ബിനോയ് ജോസഫ്, തുണ്ടത്തിൽ, പാദുവ | 40,000 |
| ജോയി സ്കറിയ, വലിയകുന്നേൽ, ചെങ്ങളം | 200,000 |
| അനിതാ സുനിൽ,കൊല്ലക്കാട്ട്,പൂവരണി | 40,000 |
| അജിതാരാജൻ, കവളനാൽ, മറ്റക്കര | 40,000 |

ലൈഫ് ഭവനനിർമ്മാണം എസ്.സി.പി (പ്രോജക്ട് നം.S0179/19)വിഭാഗത്തിലെ 2 ഗുണഭോക്താക്കളിൽ ഒരാൾ മാത്രമാണ് തൻ വർഷം ഭവനനിർമ്മാണം ആരംഭിച്ചിട്ടുള്ളത്. എസ്.സി.പി വിഭാഗത്തിലെ ജാനകി പി.കെ., പ്രീതി ഭവൻ, കരിമ്പാനി എന്ന ഗുണഭോക്താവ് 3,00,000/- രൂപ കൈപ്പറ്റിയിട്ടുണ്ട്. ടിയാൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഭവനനിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-27 കന്നുകുട്ടി പരിപാലനം - വിനിയോഗ വിവരം ലഭ്യമല്ല

6 മാസം പ്രായമായ 56 കിടാക്കളെ ഇൻഷ്വർ ചെയ്ത് കാലിത്തീറ്റ ലഭ്യമാക്കുന്നതിനായി 2018-19വർഷം താഴെ പറയുന്ന 2 പ്രോജക്ടുകളിൽ ഉൾപ്പെടുത്തി അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാമിന് നൽകിയിട്ടുണ്ട്.

| പ്രോജക്ട് നം. | അടങ്കൽ | ചെലവഴിച്ച തുക | ബിൽ നം./തീയതി |
|---|---|---|---|
| S0043/19 | വികസനഫണ്ട് -2,50,000<br>സംസ്ഥാനാവിഷ്കൃതപരിപാടി -2,50,000<br>ഗുണഭോക്തൃ വിഹിതം -5,00,000<br>ആകെ -10,00,000 | 2,50,000 | 1/18-19 തീ22.10.18 |
| S0181/19 | വികസനഫണ്ട് -2,18,750<br>തനത് ഫണ്ട് – 6,250<br>ആകെ -2,25,000 | 2,00,000 | 2/18-19 തീ22.10.18 |

മേൽ പ്രോജക്ടുകൾ പൂർത്തിയാക്കി വിനിയോഗവിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിനിയോഗ വിവരം ലഭ്യമാക്കുന്നതുവരെ ചെലവഴിച്ച 4,50,000/-രൂപ തടസ്സപ്പെടുത്തുന്നു.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

# 2-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം ചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഖണ്ഡികകളിൽ പരാമർശിക്കുന്ന അപാകതകളിന്മേൽ ഭരണതല തുടർനടപടികൾ സ്വീകരിച്ച് ബാധകമായ നിയമങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികളും തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

# 3-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ചെലവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള ചെലവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങൾ വിശകലനം ചെയ്ത് ബാധകമായ നിയമങ്ങൾ/ചട്ടങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 27/5/2019 മുതൽ 28/5/2019 വരെ. | കെ.എസ്.എ.കെ.ടി.എം .പി13/758/ 2019/7/6/19 |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| സ്ഥാപനം | വർഷം | തുക | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 400000 | കിണർ റീചാർജ് | 0 | 400000 |
| | ,, | 300000 | അങ്കണവാടി പോഷകാഹാരം | 300000 | 0 |
| | ,, | 448624 | ലൈഫ് മിഷൻ(ജനറൽ) | 448624 | 0 |
| | ,, | 200000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | ,, | 200000 | പാലിന് സബ്സിഡി | 200000 | 0 |
| | ,, | 800000 | പഠനമുറി (എസ്.സി വിഭാഗം) | 0 | 800000 |
| | ,, | 150237 | ലൈഫ് മിഷൻ(എസ്.സി ) | 0 | 150237 |
| പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 71875 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 71875 | 0 |
| | ,, | 150000 | പാലിയേറ്റീവ് കെയർ | 150000 | 0 |
| | ,, | 200000 | പാലിന് സബ്സിഡി | 200000 | 0 |
| | ,, | 1032668 | ലൈഫ് മിഷൻ(ജനറൽ) | 1008568 | 24100 |
| | ,, | 149763 | ലൈഫ് മിഷൻ(എസ്.സി ) | 0 | 149763 |
| | ,, | 200000 | ദർശന അങ്കണവാടി നിർമാണം | 200000 | 0 |
| | ,, | 200000 | സോളാർ സ്ട്രീറ്റ് ലൈറ്റ് | 0 | 200000 |
| | ,, | 100000 | സത്യനാഥടെമ്പിൾ കുടിവെള്ള പദ്ധതി | 0 | 100000 |
| | ,, | 269000 | കൂട്ടാക്കുഴി കുടിവെള്ള പദ്ധതി | 0 | 269000 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ(77/19) | ബിൽനം.16/18-19/ | 1042530 | 0 | 1042530 |
| ,, | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ(211/19) | ചെക്ക്.48625 , 15-2-19 | 31085 | 31085 | 0 |
| കേരള വാട്ടർ അതോറിട്ടി | ചീരംകുന്ന് കുടിവെള്ള പദ്ധതി(214/19) | ബിൽനം51/18-19/15.3.19.<br>ചെക്ക് 107001/30.3.19 | 28000<br>11047 | 0<br>0 | 28000<br>11047 |
| ഭൂജലവകുപ്പ് | കുഴൽകിണർ നിർമാണം, വാർഡ്-III | ബിൽ നം.50/18-19 | 85000 | 0 | 85000 |

| | | | | | |
|---|---|---|---|---|---|
| | (89/19) | | | | |
| പി.ഡബ്ല്യു.ഡി | ദർശന അങ്കണവാടി, നെല്ലിക്കുന്ന്. | ചലാൻ.തീ.29.3.19 ചലാൻ തീ.3.4.19 | 2,80000 300000(1ലക്ഷം രൂപ ക്യു ബിൽ ആയിരുന്നു.) | 0 | 5,80000. |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നല്കിയിട്ടില്ല.

# 4-5 വായ്പ /വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 10,42,608/- രൂപ വരവുണ്ട്. വായ്പ തുക മുഴുവൻ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി ഒ(എം.എസ്) 68/2018,18.05.2018, ജി ഒ(എം.എസ്) 100/2018, 30.07.2018 | 1042608 | - | - | - | 1042608 |

# 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 878659 |
| തൻവർഷം നിക്ഷേപിച്ച തുക | 78181 |
| ആകെ | 956870 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 956870 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | കാഞ്ഞിരമറ്റം സർവ്വീസ് സഹകരണ ബാങ്ക് (A/c no-7228) | 01.04.18 | 1 വർഷം | 421916 | |

| | | | | | |
|---|---|---|---|---|---|
| 2 | കാഞ്ഞിരമറ്റം സർവ്വീസ് സഹകരണ ബാങ്ക് (A/c no-7229) | 01.04.18 | 1 വർഷം | 210959 | |
| 3 | കാഞ്ഞിരമറ്റം സർവ്വീസ് സഹകരണ ബാങ്ക് (A/c no-7230) | 01.04.18 | 1 വർഷം | 313995 | |
| 4 | കാഞ്ഞിരമറ്റം സർവ്വീസ് സഹകരണ ബാങ്ക് (A/c no-3076) | 01.04.18 | 1 വർഷം | 10000 | |
| ആകെ | | | | 956870 | |

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല .

# 4-8. സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

# 4-9. ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ചാർജ്ജ് / സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയിട്ടില്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം.

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 53859111 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 50099968 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 550000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 4,50,000 | ഡോ.കുര്യാക്കോസ് മാത്യു ടി., വെറ്ററിനറി സർജൻ |
| 1-20 | 1,00,000 | ശ്രീ.മനു മോഹൻ, വി.ഇ.ഒ. |
| ആകെ | 5,50,000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ - ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം

മേൽവിലാസവും

ബാധകമല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 30.09.2018 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തകക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04(ചെലവ്) | കെ.എസ്.എ.-കെ.ടി.എം.പി13/അദാ 2018-52(2)/18/ 16.02.2018 | 3 |
| 2005-06 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ 2018-52(1)/18/ 16.02.2018 | 9 |
| 2006-07 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ 2018-52(3)/18/ 30.01.2018 | 2 |
| 2007-08 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ 2018-52(4)/18/ 31.01.2018 | 9 |
| 2008-09 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ 2018-52(5)/18/ 31.01.2018 | 4 |
| 2009-10 | എൽ.എഫ്.കെ.പി12-521/13 / 18.05.2013 | - |
| 2010-11 & 2011-12 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ 2018-52(6)/18/ 31.01.2018 | 8 |
| 2012-13 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ 2018-52(7)/18/ 05.04.2018 | 18 |
| 2013-14 | കെ.എസ്.എ.-കെ.ടി.എം.പി12/164/15/05.05.2016/10.05.2016 | 11 |
| 2014-15 | കെ.എസ്.എ.-കെ.ടി.എം.പി12/1500/16/22/.02.17/17.04.2017 | - |
| 2015-16 | കെ.എസ്.എ.-കെ.ടി.എം.പി13/1863/16/02.05.2017 | 10 |
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി13/1365/2017/22.01.2018 | 18 |
| 2017-18 | കെ.എസ്.എ.-കെ.ടി.എം.പി13/1953/2018/10.5.19 | 20 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

# അനുബന്ധം 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്.

**നം.കെ.എസ്.എ.-കെ.ടി.എം.പി.13/1395/2019**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

**ഇ-മെയിൽ: doktm.ksad@kerala.gov.in**
**ഫോൺ: 04812564886**
**തീയതി : 10.10.2019**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **അകലക്കുന്നം** ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.
എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **അകലക്കുന്നം** ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.